## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.789    11.06.2014-ൽ മറുപടിക്ക്**

### കുടിവെള്ള ലഭ്യതയും ഗുണനിലവാരവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ചെറുതും വലുതുമായ 1247 പദ്ധതികളിലൂടെയാണ് ഇപ്പോൾ കുടിവെള്ളം നൽകി വരുന്നത്. കൂടുതൽ ജനങ്ങൾക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന ചെറുതും വലുതുമായ 303 പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിലൂടെ നടപ്പിലാക്കാനായി പുതിയ 49 പദ്ധതികൾക്കായി 736.26 കോടി രൂപയുടെ വിവിധ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇപ്പോൾ 44 നദികളിൽ 126 സ്ഥലങ്ങളിൽ മാസം തോറും ജലസാമ്പിളുകൾ സ്ഥിതീകരിച്ച് ഗുണനിലവാര പരിശോധനകൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ 29 ലാബുകൾ സ്ഥാപിച്ചു വരുന്നു. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | കുടിവെള്ള ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് ജലം ശുദ്ധീകരിച്ച് അണു വിമുക്തമാക്കുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനില വാരം കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ പരിശോധിച്ചാണ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നത്. ശുദ്ധീകരണശാലകളില്ലാത്ത പദ്ധതികളിൽ ഇൻ ഫിൽ ട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലമാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; | (ബി) | എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എല്ലായ് പ്പോഴും ലഭ്യമാക്കുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലം പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ വിതരണം ചെയ്യുകയാണ് ഈ പദ്ധതിയുടെ സവിശേഷത. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് വിശദമാക്കുമോ; | (സി) | കേരള ജല അതോറിറ്റി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, നബാർഡ്, ജിക്ക എന്നിവരുടെ ധനസഹായത്തോടെയാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനു പുറമേ ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ശുദ്ധജലവിതരണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരി - ച്ചിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 303 പദ്ധതികൾ അടിയന്തിര മായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ Project Alert System (PASK)സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യ മിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676 ൽ ഉൾ പ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ